# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7915

16.07.2014 ൽ മറുപടിയ്ക്ക്

## ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നബാർഡ് ഫണ്ടുപയോഗിച്ച് സഹകരണ ബാങ്കുകൾ നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി കണക്കാക്കുന്ന പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; | (എ) നബാർഡ് ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനുള്ള പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതി ആരംഭിച്ച ശേഷം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഈ പദ്ധതി ആരംഭിച്ച ശേഷം 24,780 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതി പ്രകാരമുള്ള വായ്പ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ? | (സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം |

ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്കാണ് പലിശ സബ്സിഡി നൽകുന്നത്. രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

സെക്ഷൻ ഓഫീസർ